## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **6459**

03.04.2018-ലെ മറുപടി

## കാളിപ്പാറ പദ്ധതിയുടെ ഗുണഭോക്താക്കൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ.ഹരീന്ദ്രൻ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കാളിപ്പാറ പദ്ധതിയുടെ പ്രയോജനം നിലവിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് ലഭിക്കുന്നത് എന്നും ഇതിന് എത്ര ഗുണഭോക്താക്കൾ ഉണ്ടെന്നുമുള്ള വിവരങ്ങൾ നൽകാമോ; | (എ) അമ്പൂരി, വെള്ളറട, കള്ളിക്കാട്, മലയിൻകീഴ്, മാറനല്ലൂർ, കുളത്തുമ്മൽ, പെരുങ്കടവിള എന്നീ പഞ്ചായത്തുകളിലും കുളത്തൂവിള, പുന്നക്കാട്, മാമ്പഴക്കര, പെരുമ്പഴുതൂർ എന്നിവിടങ്ങളിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലുമാണ് കാളിപ്പാറ കുടിവെള്ള പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. പ്രസ്തുത പദ്ധതിയിൽ ഏകദേശം 60000 ഗുണഭോക്താക്കൾ നിലവിലുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ വാട്ടർലൈൻ കടന്നുപോകുന്ന എല്ലാ മേഖലകളിലും ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിലേക്കായുള്ള തുടർ നടപടികൾ സ്വീകരിക്കുമോ? | (ബി) കാളിപ്പാറ കുടിവെള്ളപദ്ധതിയിലെ നെയ്യാറ്റിൻകര തൊഴുക്കൽ വരെയുള്ള പൈപ്പ് ലൈൻ ചാർജ്ജ് ചെയ്ത് ജലവിതരണം നടത്തിവരുന്നു. നെയ്യാറ്റിൻകര മുതൽ പൊൻവിള വരെയുള്ള ലൈൻ ചാർജ്ജ് ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇത് പൂർത്തിയാകുമ്പോൾ ഈ പ്രദേശത്ത് കണക്ഷൻ നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ